"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്ത് - മാലിന്യം ശേഖരിച്ചതിന്റെ വാടക നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്

സ.ഉ.(സാധാ) നം.2541/2024/LSGD തീയതി,തിരുവനന്തപുരം, 27-12-2024

---

പരാമർശം :- (1) ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 23.03.2024-ലെ നാലാം നമ്പർ തീരുമാനം.

(2) മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.07.2024-ലെ കത്ത്.

(3) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 05.12.2024-ലെ യോഗ തീരുമാനം നമ്പർ 4.26

<u>ഉത്തരവ്</u>

ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മസേനയ്ക്ക് മാലിന്യം ശേഖരിക്കുന്നതിന് വാഹനം വാടകയ്ക്കെടുക്കുന്നതിന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറെ ചുമതലപ്പെടുത്തിയിരുന്നു. നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ വൈകിയതിനാൽ 20.09.2023 മുതൽ 14.12.2023 വരെ മാലിന്യം ശേഖരിച്ച് എം.സി.എഫ്.ൽ എത്തിക്കുന്നതിന്റെ വാടകയായ 1,06,400 രൂപ ഹരിത കർമ്മസേനയുടെ കൺസോർഷ്യത്തിൽ നിന്നും നിലവിൽ ഓടിക്കൊണ്ടിരുന്ന KL10 AA 3135 എന്ന വാഹന ഉടമയ്ക്ക് നൽകി. ഈ തുക കൺസോർഷ്യത്തിന് തിരികെ നൽകണമെന്ന് ഹരിതകർമ്മസേന ആവശ്യപ്പെട്ടിട്ടുണ്ട്.

(2) മേൽ വിഷയം 05.12.2024-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കുകയും തീരുമാനം നമ്പർ 4.26 പ്രകാരം തുക കൺസോർഷ്യം അക്കൗണ്ടിലേയ്ക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും നൽകുവാൻ അനുമതി നൽകുകയും, നടപടിക്രമം പാലിച്ച് വാഹനം ലഭ്യമാക്കാൻ വൈകിയത് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ വീഴ്ചയാണെന്നും ഇത്തരം വീഴ്ചകൾ ഇനി ആവർത്തിക്കരുതെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്തിൽ 20.09.2023 മുതൽ 14.12.2023 വരെയുള്ള കാലയളവിൽ മാലിന്യം ശേഖരിച്ച് എം.സി.എഫ്.ൽ എത്തിച്ച ഇനത്തിൽ KL10 AA 3135 എന്ന നമ്പരിലുള്ള വാഹന ഉടമയ്ക്ക് കൺസോർഷ്യം

അക്കൗണ്ടിൽ നിന്നും നൽകിയ Rs.1,06,400/- രൂപ (ഒരു ലക്ഷത്തി ആറായിരത്തി നാന്നൂറ് രൂപ മാത്രം ) തിരികെ കൺസോർഷ്യം അക്കൗണ്ടിലേയ്ക്ക് ഗ്രാമപഞ്ചായത്ത് ഫണ്ടിൽ – നിന്നും നൽകുവാൻ, നടപടിക്രമം പാലിച്ച് വാഹനം ലഭ്യമാക്കാൻ വൈകിയത് പോലുള്ള വീഴ്ചകൾ ആവർത്തിക്കരുത് എന്ന നിബന്ധനയോടെ , അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രീത.കെ.എസ്.

അഡിഷണൽ സെക്രട്ടറി

സെക്രട്ടറി, ഒളുക്കങ്ങൽ ഗ്രാമപഞ്ചായത്ത്.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ് I) / (ഓഡിറ്റ് II), കേരള,

തിരുവനന്തപുരം.

തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പ്.

ഐ&പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്

തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.